## സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ
## (സാന്നിദ്ധ്യം : V.N. ജിതേന്ദ്രൻ)

ഉത്തരവ് നം. ഇ5 - 40791/14(1)

തിരുവനന്തപുരം,
തീയതി: 19.12.2014.

വിഷയം:- സാമൂഹ്യനീതി വകുപ്പ്-ജീവനക്കാര്യം - ശ്രീ. K. ഹരിദാസ്, കെയർടേക്കർ, ഗവ. ഒബ്സർവേഷൻ ഹോം, തിരുവനന്തപുരം - സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- തിരുവനന്തപുരം ജില്ലാ സാമൂഹ്യ നീതി ഓഫീസറുടെ 17.12.14 ലെ ഇ/3043/14 നമ്പർ കത്ത്.

തിരുവനന്തപുരം ഗവ. ഒബ്സർവേഷൻ ഹോമിൽ നിന്നും 11.12.14 ന് അഞ്ച് കുട്ടികൾ ഒളിച്ചോടിപ്പോയതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തി തിരുവനന്തപുരം ജില്ലാ സാമൂഹ്യ നീതി ഓഫീസർ സമർപ്പിച്ച മേൽ പരാമർശിത റിപ്പോർട്ടിൽ ഒബ്സർവേഷൻ ഹോമിലെ ഡോർമിറ്ററിയോട് ചേർന്നുള്ള ടോയ്‌ലറ്റിന്റെ വെന്റിലേഷൻ കെട്ടിയടച്ച സ്ഥലത്തെ ചുവർ തുരന്ന് കെയർടേക്കർമാരുടെ വിശ്രമമുറിയിൽ നിന്നും താക്കോൽക്കൂട്ടം കൈക്കലാക്കി ഡോർമിറ്ററിയുടെ കതക് തുറന്നാണ് കുട്ടികൾ പോയിട്ടുള്ളതെന്നും അന്നേ ദിവസം നൈറ്റ് ഡ്യൂട്ടിയിലുണ്ടായിരുന്ന കെയർടേക്കറായ ശ്രീ. K. ഹരിദാസ് ഉറങ്ങിയതിനാലും താക്കോൽ കൂട്ടം അലക്ഷ്യമായി സൂക്ഷിച്ചിരുന്നതിനാലുമാണ് ഇത്തരത്തിൽ ഒരു സംഭവമുണ്ടാകാനിടയായതെന്നും ഇപ്രകാരം ടിയാന്റെ ഭാഗത്തു നിന്നും ഗുരുതരമായ വീഴ്ച ഉണ്ടായതായി സംശയാതീതമായി ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീ. K. ഹരിദാസ്, കെയർടേക്കറെ ടിയാന്റെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ കൃത്യ വിലോപത്തിന്റെ പേരിൽ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ 10 (1) (എ) പ്രകാരം അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീ. K. ഹരിദാസന് KSR പാർട്ട് 1 ചട്ടം 55 പ്രകാരം ഉപജീവനബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

VN Jith

സാമൂഹ്യ നീതി ഡയറക്ടർ

ശ്രീ. K. ഹരിദാസ്
കെയർ ടേക്കർ,
ഗവ. ഒബ്സർവേഷൻ ഹോം, തിരുവനന്തപുരം.

പകർപ്പ്:

1) സൂപ്രണ്ട്,
ഗവ. ഒബ്സർവേഷൻ ഹോം,
തിരുവനന്തപുരം.
2) ജില്ലാ സാമൂഹ്യ നീതി ഓഫീസർ, തിരുവനന്തപുരം.
3) സ്റ്റോക്ക് ഫയൽ.